പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*12 25.4.2017 ൽ മറുപടിയ്ക്ക്

# നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം മറുപടി

ശ്രീ.സി.കെ.ഹരീന്ദ്രൻ

ശ്രീമതി.പി.അയിഷാ പോറ്റി

പ്രൊഫ.കെ.യു.അരുണൻ

ശ്രീ.ജോർജ്ജ്.എം.തോമസ്

ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സംസ്ഥാനത്ത് ഭിന്നശേഷിക്കാർക്കായി നിരാമയ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ: | (ബി) നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്ന വൈകല്യങ്ങളായ സെറിബ്രൽ പാൾസി, ഓട്ടിസം മാനസിക വെല്ലുവിളി, ബഹു വൈകല്യം എന്നിവ ബാധിച്ചവർക്ക് ജീവിതത്തിലുടനീളം ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. ചികിത്സിച്ച ശേഷം ചികിത്സാ ചെലവ് റീ ഇംബേഴ്സ് ചെയ്യാൻ കഴിയുന്നു. ഈ ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഒരു വ്യക്തിക്ക് ഒരു ലക്ഷം രൂപയുടെ കവറേജ് ലഭിക്കുന്നു. ഏത് ആശുപത്രിയിലും ചികിത്സിക്കാൻ കഴിയുന്നതാണ്. നാഷണൽ ട്രസ്റ്റ് ആക്ട് അനുസരിച്ചുള്ള വൈകല്യമുള്ള എല്ലാവർക്കും എ.പി.എൽ/ ബി.പി.എൽ വ്യത്യാസമില്ലാതെ ഈ പദ്ധതിയിൽ ചേരാവുന്നതാണ്. എ.പി.എൽ കുടുംബാംഗത്തിന് 500/- രൂപയും ബി.പി.എൽ കുടുംബാംഗത്തിന് 250/- രൂപയുമാണ് പ്രീമിയം തുക. ഈ പദ്ധതിയിൽ എൻറോൾ ചെയ്യുന്നതിന് പ്രീ മെഡിക്കൽ ടെസ്റ്റിന്റെ ആവശ്യമില്ല. താഴെ പറയുന്ന കാര്യങ്ങൾക്ക് ആനുകൂല്യം ലഭിക്കുന്നതാണ്.<br>1. ഒ.പി ചികിത്സ<br>2. മരുന്നുകൾ<br>3. രോഗനിർണ്ണയത്തിനുള്ള ടെസ്റ്റുകൾ<br>4. മെഡിക്കൽ ചെക്കപ്പ്<br>5. പല്ലിന്റെ ചികിത്സ<br>6. വൈകല്യ തോത് കുറയ്ക്കുന്നതിനുള്ള ചികിത്സ<br>7. വൈകല്യം കറക്റ്റ് ചെയ്യുന്നതിനുള്ള സർജറി<br>8. യാത്രാ ചെലവ് |

| | |
|---|---|
| (സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട ഭിന്നശേഷി ക്കാരെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ: | (സി) നാഷണൽ ട്രസ്റ്റ് ആക്ട് 1999 ന്റെ പരിധിയിൽ വരുന്ന മാനസിക വെല്ലുവിളി, ഓട്ടിസം, സെറിബ്രൽ പാൾസി, ബഹു വൈകല്യം എന്നീ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിക്കാരെയാണ് നിരാമയ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. |
| (ഡി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ? | (ഡി) ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി സ്റ്റേറ്റ് നോഡൽ ഏജൻസി സെന്റർ(SNAC) ആണ്. കൊല്ലം ജില്ലയിലാണ് ഇതിന്റെ ഓഫീസ് പ്രവർത്തിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ